# INDIAN SCHOOL AL WADI AL KABIR

| **CLASS: IX** | **DEPARTMENT: MALAYALAM** | **DATE : 06/05/2021** |
|---|---|---|
| **Class Note** | **Lesson: 2** | **Topic: വെള്ളച്ചാട്ടത്തിൻെറ ഇടിമുഴക്കം** |

## വെള്ളച്ചാട്ടത്തിൻെറ ഇടിമുഴക്കം

### അർത്ഥം

ജലപാതം = വെള്ളച്ചാട്ടം /ധവളം = വെളുപ്പ്നിറം /ലംബം= കുത്തനെ, കീഴ്മേലായി / ആഗ്നേയം = അഗ്നിയിൽ നിന്നുണ്ടായ / ക്ഷുഭിതം = ക്ഷോഭിച്ച / വ്യാളം = പാമ്പ്/ സ്ഫോടനം = പൊട്ടൽ / ഗർത്തം = കുഴി/ പ്രവാഹം= ഒഴുക്ക് / ധൂളി = പൊടി/ തിരശ്ചീനം = സമാന്തരമായി, വിലങ്ങനെ

### പര്യായപദങ്ങൾ

മല : പർവ്വതം, ശൈലം, അചലം /മുതല : നക്രം, ചീങ്കണ്ണി /തോണി : വള്ളം, വഞ്ചി/ നക്ഷത്രം : താരം, താരകം, ഉഡു /നദി : സരിത്ത്, തരംഗിണി, തടിനി/ മേഘം : ജലധരം, ജീമൂതം, നീരദം/മത്സ്യം : മീൻ, ഝഷം, ശകലി / പക്ഷി: പത്രി, ഖഗം, പതഗം

### വിപരീതപദം

താഴ്ച X ഉയർച്ച / അഗാധം X ഗാധം/ സംശയം X നിസ്സംശയം/ സൂക്ഷ്മം X സ്ഥൂലം/ വിശാലം X സങ്കുചിതം, ഇടുങ്ങിയ/ കൃഷ്ണം X ശ്വേതം, ധവളം

### അർത്ഥവ്യത്യാസം

1. വീഥി= വഴി വീതി=വിസ്താരം/ 2. തുരുത്ത്=ചെറിയ ദ്വീപ് തിരുത്ത്= തിരുത്തൽ/ 3. നാഗം= പാമ്പ് നാകം= സ്വർഗ്ഗം/ 4. ജലം=വെള്ളം ജാലം=കൂട്ടം/ ശില=കല്ല് ശാല= ആലയം/ 5. പരിമാണം=അളവ് പരിണാമം=മാറ്റം

### നാനാർത്ഥം

പിടി = പിടിത്തം, ആയുധങ്ങളുടെയും മറ്റും പിടിക്കാനുള്ള ഭാഗം, മുഷ്ടി/ പ്രകൃതി = സ്വഭാവം, ഉൽപത്തിസ്ഥാനം, പഞ്ചഭൂതം/ രേഖ = വര, പ്രമാണം /മതി = ബുദ്ധി, ചന്ദ്രൻ, മതിയാകുക/ ഗതി = ചലനം, രക്ഷ, മോക്ഷം/ ഗ്രഹിക്കുക = പിടിക്കുക, മനസ്സിലാക്കുക

**സന്ധി**

പാറയിടുക്ക് = പാറ+ഇടുക്ക് = ആഗമസന്ധി /പാറക്കെട്ട് = പാറ + കെട്ട്= ദ്വിത്വസന്ധി/ കരിമ്പാറ = കരി+പാറ=ആഗമസന്ധി /കൊടുങ്കാറ്റ് = കൊടും + കാറ്റ്= ആദേശസന്ധി/ ദന്താരണ്യം= ദന്ത + ആരണ്യം = സവർണ്ണദീർഘസന്ധി

**വിഗ്രഹിക്കുക**

ജലപാതം= ജലത്തിൻെറ പതിക്കൽ / ധവളഭിത്തി = ധവള നിറത്തിലുള്ള ഭിത്തി / പുകമഞ്ഞ് = പുക പോലെയുള്ള മഞ്ഞ് / വെൺപത = വെളുത്ത പത / ജലധൂളി = ജലത്തിൻെറ ധൂളി / ഭൗമികപ്രതിഭാസം = ഭൗമികമായ പ്രതിഭാസം / ഹൃദയഹാരി = ഹൃദയത്തെ ഹരിക്കുന്ന / ഗഗനസഞ്ചാരി = ഗഗനത്തിലൂടെ സഞ്ചരിക്കുന്നവൻ/ പ്രതിവർഷം = വർഷം തോറും / അതിർത്തിരേഖ = അതിർത്തി നിർണ്ണയിക്കുന്ന രേഖ

**ഉത്തരമെഴുതുക**

**1. സക്കറിയയുടെ അഭിപ്രായത്തിൽ എന്താണ് വിക്ടോറിയ വെള്ളച്ചാട്ടം?**

അംഗോളയുടെ മലകളിൽ നിന്ന് കാടിറങ്ങി വരുന്ന സാംബസിനദി അനവധി പോഷകനദികളുടെ ജലത്താൽ പെരുകി, സാംബിയയുടെ സമതലങ്ങളിൽ അതിവിശാലമായ പ്രവാഹമായി പരന്നൊഴുകി, തെക്ക് സിംബാബ്വേയുടെ അതിർത്തിയിൽ വച്ച് ഏതാണ്ട് 350 അടി താഴ്ചയും ഒന്നേമുക്കാൽ കിലോമീറ്റർ വീതിയുമുള്ള ഒരു പാറപ്പിളർപ്പിലേക്ക്, ഭൂമി കുലുക്കിക്കൊണ്ടും ഗർജിച്ചുകൊണ്ടും ഭൂമുഖത്തെ ഏറ്റവും വലിയ, വീഴുന്ന ജലപാളി വിടർത്തിക്കാണിച്ച് നമ്മെ നടുക്കിക്കൊണ്ടും സ്വയം ചൊരിയുന്ന അവിശ്വസനീയമായ കാഴ്ചയാണ് വിക്ടോറിയാ വെള്ളച്ചാട്ടം.

**2. വിക്ടോറിയ വെള്ളച്ചാട്ടത്തിലേക്കു പതിക്കുമ്പോൾ സാംബസി നദിക്കുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം?**

വിശാലമായി ഒഴുകി വന്ന മഹാനദി, ഒരു നിമിഷംകൊണ്ട് തകിടം മറിഞ്ഞ് താഴത്തെ കരിമ്പാറകളിൽ പുകഞ്ഞുകൊണ്ട് കുത്തനെ കുതിച്ചുയരുന്ന ഒരു ധവളഭിത്തിയായി മാറുന്നു. തിരശ്ചീനമായി പ്രവഹിച്ച നദി ലംബമായിത്തീരുന്നു. കരയിൽ നിന്നു കരയിലേക്കു പടർന്നുകിടന്ന നീല ജലപ്പരപ്പ് ഒറ്റ നിമിഷത്തിൽ ഇടിമുഴക്കത്തോടെ അഗാധതയിൽ പാറക്കെട്ടുകളിൽ നിന്ന് പൊങ്ങുന്ന പുകമഞ്ഞിൻ കോട്ടയായിത്തീരുന്നു. വെൺപതയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ

പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല ജലത്തിൻെറ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം നമ്മിലുണ്ടാക്കുന്നു. ജലകണികകളുടെ ഈ പറക്കുന്ന ശീലയുടെ വമ്പിച്ച വിസ്തൃതിയിൽ മഴവില്ലുകൾ ജനിക്കുകയും മായുകയും ചെയ്യുന്നു.

**3. വിക്ടോറിയ വെള്ളച്ചാട്ടം വായുവിൽ തങ്ങി നിൽക്കുന്ന ഒരു മരീചികയല്ല എന്ന് മനസ്സിലാകുന്നത് എപ്പോൾ?**

വിക്ടോറിയ വെള്ളച്ചാട്ടത്തിൻെറ അവിസ്മരണീയ ദൃശ്യം എഴുത്തുകാരൻ വിവരിക്കുന്നതാണ് സന്ദർഭം. വെൺപതയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല കാഴ്ചക്കാരിൽ മതിഭ്രമം സൃഷ്ടിക്കുന്നു. വിക്ടോറിയ വെള്ളച്ചാട്ടം വായുവിൽ തങ്ങി നിൽക്കുന്ന ഒരു മരീചികയാണോ എന്ന തോന്നലാണ് ഇതുണ്ടാക്കുന്നത്. എന്നാൽ ജലം അടിയിലെ ആഗ്നേയശിലകളിൽ അടിച്ചുതകർന്ന് ക്ഷുഭിതവ്യാളങ്ങളെപ്പോലെ വഴിപിരിഞ്ഞ് പാറയിടുക്കുകളിൽ പതഞ്ഞുപുളയുന്നത് കാണുമ്പോൾ വെള്ളച്ചാട്ടം വായുവിൽ തങ്ങി നിൽക്കുന്ന ഒരു മരീചികയല്ല എന്ന് കാഴ്ചക്കാർക്ക് മനസ്സിലാകുന്നു.

**4. "ഞാൻ നമ്മുടെ കാവേരി കാര്യങ്ങൾ ഓർത്തു, മറന്നു കളഞ്ഞു." സന്ദർഭമെഴുതി വിശദീകരിക്കുക**

വിക്ടോറിയാ വെള്ളച്ചാട്ടത്തിൻെറ മധ്യത്തിലൂടെയാണ് സിംബാബ്‌വേയുടെയും സാംബിയയുടെയും അതിർത്തിരേഖ കടന്നു പോകുന്നത്. പ്രതിവർഷം കോടാനുകോടി ഡോളറിൻെറ വരുമാനമുണ്ടാകുന്ന വെള്ളച്ചാട്ടത്തെ ഈ രണ്ടു രാജ്യങ്ങളും സൗഹാർദ്ദത്തോടെ പങ്കു വയ്ക്കുന്നു. ഇന്ത്യയിൽ കാവേരി നദിയിലെ ജലം പങ്കിടുന്ന കാര്യത്തിൽ പലപ്പോഴും അന്തർസംസ്ഥാന തർക്കങ്ങളും കോടതി വ്യവഹാരങ്ങളും നടന്നിട്ടുണ്ട്. വിക്ടോറിയ വെള്ളച്ചാട്ടത്തിൽ നിന്നുള്ള വരുമാനം രണ്ടു രാജ്യങ്ങൾ സൗഹാർദ്ദപരമായി പങ്കിടുന്നതു കാണുമ്പോഴാണ് ഇന്ത്യയിൽ സമരങ്ങൾക്കും വാഗ്വാദങ്ങൾക്കും ഇടയാകുന്ന കാവേരി നദിയുടെ കാര്യം സക്കറിയ ഓർക്കുന്നതും പെട്ടെന്നു തന്നെ അത് മറന്നു കളയുന്നതും.

***